## പതിനാലാം കേരള നിയമസഭ
## പതിമൂന്നാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം. 2979 — 07/12/2018-ൽ മറുപടിയ്ക്ക്

## ക്ഷേമനിധി ആനുകൂല്യങ്ങൾ ലഭ്യമാക്കുന്നതിന് നടപടി

| ചോദ്യം | മറുപടി |
|---|---|
| ശ്രീമതി ഇ.എസ്.ബിജിമോൾ: | ശ്രീ. ടി.പി. രാമകൃഷ്ണൻ<br>(തൊഴിലും എക്സൈസും വകുപ്പ് മന്ത്രി) |
| (എ) ഓട്ടോമൊബൈൽ തൊഴിലാളി അംഗങ്ങൾക്ക് ക്ഷേമപദ്ധതി പെൻഷൻ പരിരക്ഷ ഉൾപ്പെടെയുള്ള എല്ലാ ആനുകൂല്യങ്ങളും ഉറപ്പാക്കുന്നതിന് സർക്കാർ എന്ത് നടപടികളാണ് സ്വീകരിച്ചു വരുന്നതെന്ന് വിശദമാക്കുമോ: | (എ) കേരള ആട്ടോമൊബൈൽ വർക്ക്ഷോപ്പ് തൊഴിലാളി ക്ഷേമനിധി പദ്ധതിയിൽ അംഗങ്ങളായ തൊഴിലാളികൾക്ക് പെൻഷൻ പദ്ധതി വിഭാവനം ചെയ്തിട്ടില്ല. എന്നാൽ റിട്ടയർമെന്റ് ആനുകൂല്യമായി, പദ്ധതിയിൽ അംശാദായം മുടക്കം കൂടാതെ അടച്ച് 40 വർഷം പൂർത്തിയാക്കുകയോ 60 വയസ്സ് പൂർത്തിയാക്കുകയോ ചെയ്യുന്ന ഒരംഗം പദ്ധതിയിൽ നിന്നും റിട്ടയർ ചെയ്യുന്നതായി കണക്കാക്കി ടിയാന്റെ പേരിൽ അയാളും തൊഴിലുടമയും പദ്ധതിയിൽ അടയ്ക്കുന്ന യഥാർത്ഥ തുകയ്ക്ക് 5% പലിശ സഹിതം നല്കുന്നതിന് പദ്ധതിയിൽ വ്യവസ്ഥ ചെയ്തിട്ടുണ്ട്. ചികിത്സാ ധനസഹായമായി 10,000/- രൂപയും (പതിനായിരം രൂപയും) മരണാനന്തര ധനസഹായമായി 5,000/- രൂപയും (അയ്യായിരം രൂപയും) നിലവിൽ നല്കിവരുന്നുണ്ട്. 24/03/2018 തീയതിയിൽ പത്തനംതിട്ട വച്ച് ചേർന്ന 47-ാമത് ബോർഡ് യോഗ തീരുമാനപ്രകാരം 2004-ലെ കേരളാ ആട്ടോമൊബൈൽ വർക്ക്ഷോപ്പ് തൊഴിലാളി ക്ഷേമനിധി പദ്ധതി, 2005-ലെ പരിഷ്കരിച്ച കേരളാ മോട്ടോർ തൊഴിലാളി ക്ഷേമനിധി പദ്ധതിയിൽ ലയിപ്പിക്കുന്നതിന് തീരുമാനിക്കുകയും ആയത് സംബന്ധിച്ച് ബോർഡ് സമർപ്പിച്ച ശുപാർശ സർക്കാർ പരിശോധിച്ചു വരുന്നു. ലയനം പൂർത്തിയാകുന്ന മുറയ്ക്ക് ടി പദ്ധതി പ്രകാരം അംഗങ്ങളായ തൊഴിലാളികളുടെ ആനുകൂല്യങ്ങൾ കൂടുതൽ ആകർഷകമാക്കാൻ കഴിയുന്നതാണ്. |

| | |
|---|---|
| (ബി) തൊഴിൽ വകുപ്പിന് കീഴിൽ പ്രവർത്തിച്ചുവരുന്ന വിവിധ ക്ഷേമനിധികളിൽ നിന്നും അംഗങ്ങൾക്ക് സമയബന്ധിതമായി ആനുകൂല്യങ്ങൾ ലഭ്യമാകുന്നില്ല എന്നത് ശ്രദ്ധയിൽപെട്ടിട്ടുണ്ടോ; | (ബി) ഇല്ല. |
| (സി) ക്ഷേമനിധി ബോർഡുകളുടെ പ്രവർത്തനം കാര്യക്ഷമമാക്കുന്നതിന് സർക്കാർ സ്വീകരിച്ചു വരുന്ന നടപടികൾ എന്തൊക്കെയെന്ന് വിശദമാക്കുമോ? | (സി) തൊഴിൽ വകുപ്പിന് കീഴിൽ 16 ക്ഷേമനിധി ബോർഡുകളാണ് പ്രവർത്തിച്ചു വരുന്നത്. ഇവയിൽ 6 ക്ഷേമനിധി ബോർഡുകൾ സാമ്പത്തിക ഭദ്രതയുള്ളതും തനിയെ നിലനിൽക്കാൻ പ്രാപ്തിയുള്ളതുമാണ്. മറ്റുള്ളവ സർക്കാരിന്റെ സാമ്പത്തിക സഹായത്തോടെയാണ് പ്രവർത്തിച്ച് വരുന്നത്. സാമ്പത്തിക വരുമാനത്തിലുള്ള കുറവ് മൂലവും അധികരിച്ച ഭരണ ചെലവ് മൂലവും നിലനിൽക്കാൻ പ്രയാസപ്പെട്ടുന്നവയാണ്. ഈ സാഹചര്യത്തിൽ സമാന സ്വഭാവമുള്ള ക്ഷേമനിധി ബോർഡുകളെ ഏകീകരിച്ചുകൊണ്ട് ക്ഷേമനിധി ബോർഡുകളുടെ ശാക്തീകരണം സാധ്യമാക്കണമെന്ന് ഇത് സംബന്ധിച്ച് പഠനം നടത്തിയ ശ്രീനിവാസൻ കമ്മിറ്റി, സബ്കമ്മിറ്റി എന്നിവർ സർക്കാരിനോട് ശിപാർശ ചെയ്തിരുന്നു. ആയതിന്റെ അടിസ്ഥാനത്തിൽ സാമ്പത്തിക ഭദ്രത, പ്രവർത്തന സ്വഭാവം, പ്രവർത്തന സൗകര്യം, അംഗബലം എന്നിവയുടെ അടിസ്ഥാനത്തിൽ ബോർഡുകളുടെ സംയോജനം സജീവമായി പരിഗണിച്ചു വരുന്നു. |

സെക്ഷൻ ഓഫീസർ